## പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2098 | 05.12.2018-ൽ മറുപടിക്ക് |
|---|---|

**ഇതരസംസ്ഥാന തൊഴിലാളികൾ സൃഷ്ടിക്കുന്ന ആരോഗ്യ, ക്രമസമാധാന, സാമൂഹ്യ പ്രശ്നങ്ങൾ**

| ചോദ്യം<br>ശ്രീ. എം.ഉമ്മർ<br>,, പാറക്കൽ അബ്ദുല്ല<br>,, പി.ഉബൈദുള്ള | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ സൃഷ്ടിക്കുന്ന ആരോഗ്യ, ക്രമസമാധാന, സാമൂഹ്യ പ്രശ്നങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന അതിഥി തൊഴിലാളികൾ കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവനയാണ് നൽകുന്നത്. ജീവിത സാഹചര്യങ്ങൾ മൂലം നിത്യവൃത്തിയ്ക്കായി എത്തിച്ചേരുന്ന എല്ലാപേരും കുറ്റവാളികൾ അല്ല. എല്ലാ സമൂഹങ്ങളിലുമെന്നപോലെ ചിലർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരായി പോലീസ് അന്വേഷണത്തിൽ ബോധ്യപ്പെടുന്നവർക്കെതിരെ നിയമപരമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തൊഴിലാളികൾ ഉൾപ്പെട്ട കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) യും (സി) യും | ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണവകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇതരസംസ്ഥാന തൊഴിലാളികൾ സൃഷ്ടിക്കുന്ന ആരോഗ്യ, ക്രമസമാധാന, സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രസ്തുത മൂന്ന് വകുപ്പുകളേയും ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം | | |

| | | | |
|---|---|---|---|
| | നടത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | അതിഥി തൊഴിലാളികൾക്ക് സുരക്ഷിതമായി തൊഴിലെടുക്കുന്നതിനും സാമൂഹ്യ-ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇവരെ നിരീക്ഷിക്കുന്നതിനും വിവരം ശേഖരിക്കുന്നതിനും താഴെപറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. ജനമൈത്രി പോലീസ് സംവിധാനം ഉൾപ്പെടെ ഉപയോഗപ്പെടുത്തി അതിഥി തൊഴിലാളികളുടെ വിരലടയാളമടക്കമുള്ള വിവരങ്ങൾ മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ സൂക്ഷിച്ചു വരുന്നു.<br>2. ഇവരുടെ വിവരശേഖരണത്തിനായി 'ഇ-രേഖ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിച്ചിട്ടുണ്ട്.<br>3. അതിഥി തൊഴിലാളികൾ ജോലിക്കായി എത്തുമ്പോഴും വിട്ടുപോകുമ്പോഴും അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കണമെന്ന് തൊഴിൽ ദാതാക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജോലി സൗകര്യാർത്ഥം മാറി മാറി താമസിക്കുന്ന തൊഴിലാളികളുടെ വിവരശേഖരണത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.<br>4. ഇവർ മുൻകാലങ്ങളിൽ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണോ എന്നറിയുന്നതിനായുള്ള സംവിധാനം പോലീസ് ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം കണ്ടെത്തുന്നവരെ പ്രത്യേകം നിരീക്ഷിക്കുകയും ആവശ്യമെങ്കിൽ നിയമപരമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.<br>5. തൊഴിലിടങ്ങളിലും താമസസ്ഥലങ്ങളിലും സുരക്ഷയും ശുചിത്വവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | തൊഴിൽ-ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകൾ മുഖേന സ്വീകരിച്ചു വരുന്നു.<br>6. ഇവരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ' ആവാസി" ൽ നിരവധിപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ